# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.781 10.02.2016 - ൽ മറുപടിക്ക്

**നേഴ്സുമാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.റ്റി.ജോർജ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും നേഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേരള ഗവൺമെന്റ് നേഴ്സസ് യൂണിയൻ (കെ.ജി.എൻ.യു) നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കേരള ഗവൺമെന്റ് നേഴ്സസ് യൂണിയൻ (കെ.ജി.എൻ.യു) നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പുരുഷ നേഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ഉത്തരവ് ഉടൻ നൽകുമോ എന്നറിയിക്കുമോ; | ബി) | പുരുഷ നേഴ്സുമാർക്ക് പ്രത്യേകമായിട്ടുള്ള യൂണിഫോമിന്റെ ഉത്തരവ് നിലവിലില്ല. അവർ വിദ്യാർത്ഥികളായിരുന്നപ്പോൾ ഉപ യോഗിച്ചിരുന്ന അതേ യൂണിഫോം മാതൃകയാണ് ഉപയോഗിക്കുന്നത്. പുരുഷ നേഴ്സുമാരുടെ നിലവിലുള്ള യൂണിഫോം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടില്ല. |
| സി) | യൂണിഫോം അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | 20.01.2016-ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് നമ്പർ സ.ഉ(പി)നം. 7/2016/ധന പ്രകാരം യൂണിഫോം അലവൻസ് 1600 രൂപയിൽ നിന്നും 2400 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ